A

സമഗ്രശിക്ഷാ, കേരളം

ആത്യന്തിക വിലയിരുത്തൽ - II, 2025 – 2026

1005

# സാമൂഹ്യശാസ്ത്രം

ക്ലാസ് : X

സമയം : 2 1/2 മണിക്കൂർ

ആകെ സ്കോർ : 80

## ഉത്തരസൂചിക

1. A) i, iv

2. D) സുഭാഷ് ചന്ദ്രബോസ്

3. D ) c, d

4. B ) ലഭിക്കുന്ന വാർത്തകൾ അതേപടി സാമൂഹികമാധ്യമങ്ങളിൽ പങ്കുവയ്ക്കൽ

5. C ) a, c, d

6. C ) പർവത രൂപീകരണപ്രക്രിയ

7. C ) a - iii , b - i, c -ii

8. B ) a, d ശരി b, c തെറ്റ്

9. A ) മധ്യകാലത്തെ ചിത്രകലാ ശൈലി മാലാഖമാർ, സ്വർഗീയത തുടങ്ങിയ ആത്മീയഘടകങ്ങൾക്ക് പ്രാധാന്യം നൽകിയപ്പോൾ നവോത്ഥാനകാലത്തെ ചിത്രകലാ ശൈലി ശരീരത്തിന്റെ സൗന്ദര്യം, മൗലികത, വർണ്ണങ്ങളുടെ സ്വാഭാവികപ്രയോഗം തുടങ്ങിയ ഭൗതികഘടകങ്ങൾക്ക് ഊന്നൽ നൽകി. നവോത്ഥാനകാലത്ത് മാനവികത ഏറ്റവും ശക്തമായി പ്രതിഫലിച്ച മേഖലയായിരുന്നു ചിത്രകല. ചിത്രകാരർ തങ്ങളുടെ ചിത്രങ്ങളിൽ മനുഷ്യരൂപങ്ങളെ കൃത്യമായും വ്യക്തമായും സൂക്ഷ്മതയോടെയും അവതരിപ്പിച്ചു. ശരീരശാസ്ത്രത്തിൽ അവർ കൈവരിച്ചിരുന്ന അറിവ് ഇതിന് സഹായകമായി. യുക്തിചിന്തയ്ക്കും മനുഷ്യസ്വഭാവത്തിലെ വൈകാരികതയ്ക്കും ചിത്രകാരർ തങ്ങളുടെ സൃഷ്ടികളിൽ ഊന്നൽ നൽകി.

Pramod Kumar # Republican VHSS, Konni

9. B ) നവോത്ഥാനകാലത്തെ ശ്രദ്ധേയനായ സാഹിത്യകാരനായിരുന്നു ഡിവൈൻ കോമഡിയുടെ രചയിതാവായ ദാന്തെ. നരകം, ശുദ്ധീകരണസ്ഥലം, സ്വർഗം എന്നിവയിലൂടെയുള്ള ദാന്തെയുടെ സാങ്കല്പിക തീർഥാടനമാണ് ഈ കവിതയുടെ പ്രമേയം. മനുഷ്യസ്നേഹം, രാജ്യസ്നേഹം, പ്രകൃതി പ്രതിഭാസങ്ങളോടുള്ള താൽപര്യം, സ്വതന്ത്രവും ഏകീകൃതവുമായ ഇറ്റലിക്കുവേണ്ടിയുള്ള മോഹങ്ങൾ എന്നിവ ഇതിൽ ശക്തമായി പ്രതിഫലിക്കുന്നു. ഇറ്റലിയിലെ പ്രാദേശികഭാഷയിലാണ് ദാന്തെ ഡിവൈൻ കോമഡി രചിച്ചത്.

10. A )

a ) ചക്രവാതവൃഷ്ടി

b ) ഒരു ചക്രവാതവ്യവസ്ഥയിൽ ഉഷ്ണവായുവും ശീതവായുവും കൂടിച്ചേരുമ്പോൾ ഭാരം കുറഞ്ഞ ഉഷ്ണവായു ഉയർത്തപ്പെടുകയും തുടർന്ന് ഘനീകരണത്തിനും മഴയ്ക്കും കാരണമാകുകയും ചെയ്യുന്നു. ഇതാണ് ചക്രവാതവൃഷ്ടി. ഉഷ്ണ ശീതവായു സഞ്ചയങ്ങൾ സംയോജിക്കുന്ന അതിരുകളെ വാതമുഖങ്ങൾ എന്നാണ് വിളിക്കുന്നത്. അതിനാൽ ഇത്തരം മഴയെ വാതമുഖമഴ എന്നും വിളിക്കുന്നു.

10. B )

* ഉത്തരാർധഗോളത്തിൽ ചക്രവാതങ്ങളിലെ വായുപ്രവാഹം എതിർഘടികാര ദിശയിലും, ദക്ഷിണാർധഗോളത്തിൽ ഘടികാര ദിശയിലുമാണ്.
* ഉത്തരാർധഗോളത്തിൽ പ്രതിചക്രവാതങ്ങളിലെ വായുപ്രവാഹം ഘടികാര ദിശയിലും, ദക്ഷിണാർധഗോളത്തിൽ എതിർഘടികാര ദിശയിലുമാണ്.

11. A ) സാമാന്യബോധജ്ഞാനം ഊഹാപോഹങ്ങളെയും ശീലങ്ങളെയും ആശ്രയിക്കുന്നു. പാർപ്പിടമില്ലായ്മ എന്ന പ്രശ്നത്തെ സാമാന്യബോധജ്ഞാനത്തിലൂടെ സമീപിച്ചാൽ അതൊരു വ്യക്തിഗതതിരഞ്ഞെടുപ്പ് മാത്രമായോ സ്ഥിരമായ പാർപ്പിടം ഉറപ്പാക്കാൻ ശ്രമിക്കാത്തത് മൂലമുള്ള പ്രശ്നമായോ ചിന്തിച്ചേക്കാം. അങ്ങനെ ചിന്തിക്കുന്നവർ താൽക്കാലികമായ സുരക്ഷയോ പാർപ്പിടങ്ങളോ തൊഴിൽപരിശീലനമോ നൽകി ഈ പ്രശ്നത്തെ ശാശ്വതമായി പരിഹരിക്കാമെന്ന് വിചാരിച്ചേക്കാം. എന്നാൽ സാമ്പത്തിക അസ്ഥിരത, തൊഴിലില്ലായ്മ തുടങ്ങിയവ പാർപ്പിടമില്ലായ്മ എന്ന പ്രശ്നത്തിനുപിന്നിലുണ്ട്. അതായാത് സാമാന്യബോധജ്ഞാനം പ്രശ്നങ്ങളുടെ യഥാർഥ കാരണങ്ങളെ പൂർണ്ണമായും കണ്ടെത്തുന്നതിൽ പലപ്പോഴും പരാജയപ്പെടുന്നു.

**11.** B ) സ്വന്തം ചിന്തകളെയും പ്രവൃത്തികളെയും വിമർശനാത്മകമായി വിലയിരുത്താനുള്ള നൈപുണിയാണ് സ്വയംപ്രതിഫലനം. വ്യക്തിഗതമായ പ്രശ്നങ്ങൾക്കുപിന്നിലെ സാമൂഹികകാരണങ്ങളെ സ്വയംപ്രതിഫലനത്തിലൂടെ തിരിച്ചറിയുന്നു. ഇത് സാമാന്യബോധജ്ഞാനത്തിന്റെ പരിമിതിയിൽനിന്ന് മാറിയുള്ള വിശാലമായ വിലയിരുത്തലുകൾക്ക് സഹായികമാകുന്നു.

**12.** A ) ഉപയുക്തത എന്നത് വ്യക്തിയധിഷ്ഠിതമാണ്. സ്ഥലം, കാലം എന്നിവയ്ക്കനുസരിച്ച് ഉപയുക്തതയിൽ വ്യത്യാസം വരാം. ഉദാഹരണത്തിന് ചൂടുള്ള കാലാവസ്ഥയിൽ അധിവസിക്കുന്ന ഒരാൾക്ക് ഫാൻ നൽകുന്ന ഉപയുക്തത തണുപ്പുള്ള കാലാവസ്ഥയിൽ ലഭിക്കണമെന്നില്ല. ഏതൊരു ഉപഭോക്താവും ഏറ്റവും കൂടുതൽ ഉപയുക്തത പ്രദാനം ചെയ്യപ്പെടുന്ന സാധന സേവനങ്ങൾ തിരഞ്ഞെടുക്കുവാനാണ് താൽപര്യപ്പെടുന്നത്. എന്നാൽ വസ്തുക്കളുടെ വില, ഉപഭോക്താവിന്റെ വരുമാനം എന്നിവ പലപ്പോഴും സാധന സേവനങ്ങളുടെ തിരഞ്ഞെടുപ്പിനെ സ്വാധീനിക്കാറുണ്ട്. ഗുണമേന്മയുള്ള സാധന സേവനങ്ങൾ മിതമായ നിരക്കിലും കൃത്യമായ അളവിലും ലഭ്യമാകണമെന്നാണ് ഏതൊരു ഉപഭോക്താവും ആഗ്രഹിക്കുന്നത്. അത് ഉപഭോക്താവിന്റെ ഒരു അവകാശവുമാണ്.

**12.** B )

* പ്രൊട്ടക്ടറേറ്റ് ഓഫ് എമിഗ്രന്റ്സ് വഴി പരാതിപ്പെടാം.

* IPC സെക്ഷൻ 420 പ്രകാരം കേസ് ഫയൽ ചെയ്യാം.

* വിദേശത്ത് എത്തിയ ശേഷമാണ് പറ്റിക്കപ്പെട്ടതെങ്കിൽ ഇന്ത്യൻ എംബസി / ഹൈകമ്മീഷനിൽ പരാതി സമർപ്പിക്കാം.

* പ്രവാസി ഭാരതീയ സഹായതാകേന്ദ്രവുമായി ബന്ധപ്പെടാം.
Toll Free No. 1800-11-3090

**13.** പണത്തിന്റെ ഒരു യൂണിറ്റ് ഒരു നിശ്ചിത സമയത്തിനുള്ളിൽ എത്രതവണ കൈമാറ്റം ചെയ്യപ്പെടുന്നു എന്നത് പണത്തിന്റെ ചാക്രിക പ്രവേഗം എന്നറിയപ്പെടുന്നു. പണത്തിന്റെ ചാക്രികപ്രവേഗം കൂടുന്നത് സാമ്പത്തിക വളർച്ച ത്വരിതപ്പെടുത്തുന്നതിനെയും പണത്തിന്റെ ചാക്രികപ്രവേഗം കുറയുന്നത് സാമ്പത്തിക വളർച്ച മന്ദീഭവിക്കുന്നതിനെയും സൂചിപ്പിക്കുന്നു.

വളർച്ചാനിരക്ക് കൂടിയ സമ്പദ് വ്യവസ്ഥയിൽ ഉൽപാദകർക്കും ഉപഭോക്താക്കൾക്കും കൂടുതൽ പണം ചെലവഴിക്കാൻ സാഹചര്യമുള്ളപ്പോൾ വളർച്ചാനിരക്ക് കുറഞ്ഞ സമ്പദ് വ്യവസ്ഥയിൽ ഉൽപാദകർക്കും ഉപഭോക്താക്കൾക്കും കുറച്ച് പണം മാത്രമേ ചെലവഴിക്കാൻ സാഹചര്യമുണ്ടാവുകയുള്ളൂ.

**14.** ജനാധിപത്യഭരണക്രമത്തിൽ പൊതുജനങ്ങളുടെ അഭിപ്രായം രൂപീകരിക്കാനും സമാഹരിക്കാനും മുൻപന്തിയിൽ നിൽക്കുന്നത് രാഷ്ട്രീയപാർട്ടികളും അവയുടെ പ്രവർത്തനങ്ങളുമാണ്. ഭരണനേതൃത്വത്തിലുള്ള പാർട്ടികളും പ്രതിപക്ഷത്തുള്ള പാർട്ടികളും പൊതുജനാഭിപ്രായരൂപീകരണത്തിൽ ഒരുപോലെ പങ്കുവഹിക്കുന്നു. ഭരിക്കുന്ന പാർട്ടികൾ അവർക്കനുകൂലമായി, സർക്കാരിന്റെ നയപരിപാടികൾക്ക് പ്രചാരണം നൽകുമ്പോൾ പ്രതിപക്ഷ പാർട്ടിക, ഭരണതലത്തിലെ പോരായ്മകളും വീഴ്ചകളും ജനമധ്യത്തിൽ എത്തിക്കുന്നു. സർക്കാരിനെതിരായ പൊതുജനാഭിപ്രായ രൂപീകരണത്തെ സഹായിക്കുന്ന സമരങ്ങളും പ്രചാരണങ്ങളും പ്രതിപക്ഷ പാർട്ടികൾ ഏറ്റെടുക്കുന്നു.

**15.** അധികാരക്കൈമാറ്റം ചർച്ച ചെയ്യാനായി ഇന്ത്യയിലെത്തിയ ബ്രിട്ടീഷ് മന്ത്രിസഭയിലെ മൂന്ന് അംഗങ്ങൾ ഉൾപ്പെട്ട കമ്മീഷനാണ് ക്യാബിനറ്റ് മിഷൻ. സ്റ്റാഫോർഡ് ക്രിപ്സ്, പെത്തിക്ക് ലോറൻസ്, എ.വി. അലക്സാണ്ടർ എന്നിവരായിരുന്നു ഇതിലെ അംഗങ്ങൾ. അധികാരക്കൈമാറ്റം നടക്കുന്നതുവരെ ഇടക്കാല ഗവൺമെന്റ് രൂപീകരിക്കുക, ഇന്ത്യക്കായി ഭരണഘടന തയ്യാറാക്കാൻ ഒരു ഭരണഘടന നിർമ്മാണസമിതി രൂപീകരിക്കുക എന്നിവയായിരുന്നു ക്യാബിനറ്റ് മിഷന്റെ പ്രധാന നിർദേശങ്ങൾ.

**16.** വാണിജ്യബാങ്കുകൾ നിക്ഷേപകർക്ക് നൽകുന്ന പലിശനിരക്കിനേക്കാൾ കൂടിയ നിരക്കിലുള്ള പലിശയായിരിക്കും വായ്പ എടുക്കുന്നവരിൽനിന്നും ഈടാക്കുന്നത്. നിക്ഷേപകർക്ക് നൽകുന്ന പലിശയും വായ്പ എടുക്കുന്നവരിൽനിന്നും ഈടാക്കുന്ന പലിശയും തമ്മിലുള്ള വ്യത്യാസമാണ് ബാങ്കുകളുടെ വരുമാനം. ഇത് സ്പ്രെഡ് എന്നറിയപ്പെടുന്നു.

**17.** അഗ്നിപർവതങ്ങളിൽനിന്നുള്ള ചാരം, ലാവ തണുത്തുറഞ്ഞുണ്ടാകുന്ന ശിലകൾ പൊടിഞ്ഞ് രൂപംകൊള്ളുന്ന മണ്ണ് എന്നിവ ഏറെ ഫലപുഷ്ടിയുള്ളതാണ്. കൃഷിക്കനുയോജ്യമായ ഇത്തരം പ്രദേശങ്ങൾ

ആളുകളെ ആകർഷിക്കുന്നു. അഗ്നിപർവത പ്രദേശങ്ങളിൽനിന്നും പുറംതള്ളുന്ന ഭൗമതാപോർജം ചിലയിടങ്ങളിൽ വൈദ്യുതോർജമാക്കി മാറ്റി പ്രാദേശിക ആവശ്യങ്ങൾക്കായി വിനിയോഗിക്കുന്നു. ലാവ ധാതുസമ്പന്നമാണ്. മൂല്യമുള്ള പല ധാതുക്കളും ലാവയുടെ ഒഴുക്കിലൂടെ ഭൗമോപരിതലത്തിൽ എത്തിച്ചേരുന്നു. അഗ്നിപർവതമേഖലകൾ ധാരാളം വിനോദസഞ്ചാരികളെയും ആകർഷിക്കാറുണ്ട്.

18. * സ്ത്രീകൾ - ഉപ്പുനിർമ്മാണം, വിദേശവസ്തുക്കൾ വിൽക്കുന്ന കടകൾ പിക്കറ്റ് ചെയ്യൽ തുടങ്ങിയ സമരപരിപാടികളിൽ സജീവമായി പങ്കെടുത്തു.

* ഗോത്രജനത - വനനിയമങ്ങൾ ലംഘിച്ച് കാടുകളിൽ കയറി വിഭവങ്ങൾ ശേഖരിച്ചു.

* തൊഴിലാളികൾ - റെയിൽവെ, തുറമുഖം, ഖനി എന്നിവയിലെ തൊഴിലാളികൾ സമരത്തിൽ പങ്കെടുത്തു. മഹാരാഷ്ട്രയിലെ ഷോലാപ്പൂരിൽ തൊഴിലാളികൾ നടത്തിയ സമരം അക്രമത്തിൽ കലാശിച്ചു.

19. A ) ഭൂമധ്യരേഖാകാലാവസ്ഥാപ്രദേശങ്ങൾ വൃക്ഷനിബിഡമാണെങ്കിലും വാണിജ്യാടിസ്ഥാനത്തിൽ അവയെ ചൂഷണംചെയ്യുക എന്നത് ഏറെ ദുഷ്കരമാണ്. മരങ്ങളുടെ അതിബാഹുല്യം, ഒരിടത്ത് നിന്നും മറ്റൊരിടത്തേക്ക് തടികൾ നീക്കിക്കൊണ്ടുപോകാനുള്ള ബുദ്ധിമുട്ട് എന്നിവ വാണിജ്യാടിസ്ഥാനത്തിലുള്ള മരംവെട്ടിന് തടസ്സം സൃഷ്ടിക്കുന്നു. തടികളുടെ ഭാരക്കൂടുതൽ മൂലം പലപ്പോഴും ഇവയെ നദികളിലൂടെ ഒഴുക്കിക്കൊണ്ടുപോകാനും സാധിക്കാറില്ല. മേച്ചിൽസ്ഥലങ്ങളുടെ അഭാവം, പ്രാണികളുടെ ആക്രമണം എന്നിവമൂലം ഭൂരിഭാഗം പ്രദേശങ്ങളിലും കന്നുകാലിവളർത്തൽ ഒരു പ്രധാന ഉപജീവനമാർഗമായി വളർന്നുവന്നിട്ടില്ല.

19. B ) കഴിഞ്ഞ അറുപത് വർഷത്തിനിടയിൽ യൂറോപ്യന്മാരുമായുള്ള സമ്പർക്കത്തിലൂടെ എസ്കിമോകളുടെ ജീവിതരീതിയിൽ വലിയ മാറ്റങ്ങൾ സംഭവിച്ചിട്ടുണ്ട്. തീരദേശഗ്രാമങ്ങളിൽ ആധുനിക സൗകര്യങ്ങളോടുകൂടിയ വീടുകളിലാണ് എസ്കിമോകൾ താമസിക്കുന്നത്. കയാക്കുകൾ എന്ന് വിളിക്കുന്ന തുഴവഞ്ചികൾക്ക് പകരം മത്സ്യബന്ധനത്തിനായി സ്പീഡ് ബോട്ടുകളാണ് അവർ ഇപ്പോൾ ഉപയോഗിക്കുന്നത്. രോമമുള്ള മൃഗങ്ങളെ വാണിജ്യാടിസ്ഥാനത്തിൽ വളർത്തുന്നു. കാനഡയിലെയും അലാസ്കയിലെയും ടൺഡ്രാമേഖലയിലെ പലയിടങ്ങളിലും എസ്കിമോകളുടെ കുട്ടികളെ

ആധുനിക ജീവിതരീതിയുമായി പൊരുത്തപ്പെട്ട് ജീവിക്കാൻ പ്രാപ്തരാക്കുന്നതിനായി സ്കൂളുകളും സ്ഥാപിച്ചിട്ടുണ്ട്.

**20.** ലോണുകൾ അനുവദിക്കുക, വിവിവിധതരത്തിലുള്ള നിക്ഷേപങ്ങൾ സ്വീകരിക്കുക, ലോക്കർ സൗകര്യം നൽകുക, ക്രെഡിറ്റ് കാർഡ് ഡെബിറ്റ് കാർഡ് എന്നിവ ലഭ്യമാക്കുക, എ.ടി.എം. സേവനങ്ങൾ ഉറപ്പുവരുത്തുക.

**21.** A )

* സ്വതന്ത്രനായി ജനിക്കുന്ന മനുഷ്യൻ തുല്യ അവകാശങ്ങളോടെ സ്വതന്ത്രനായി ജീവിക്കുന്നു.

* എല്ലാ രാഷ്ട്രീയ കൂട്ടായ്മകളുടെയും ലക്ഷ്യം മനുഷ്യന്റെ സ്വാഭാവികവും അവിഭാജ്യവുമായ അവകാശങ്ങൾ സംരക്ഷിക്കുക എന്നതാണ്. അവ സ്വാതന്ത്ര്യം, സ്വത്ത്, സുരക്ഷിതത്വം, അടിച്ചമർത്തലുകളെ ചെറുക്കൽ എന്നിവയ്ക്കുള്ള അവകാശമാണ്.

* എല്ലാ പരമാധികാരവും രാഷ്ട്രത്തിൽ കുടികൊള്ളുന്നു. മറ്റുള്ളവർക്ക് ഹാനികരമല്ലാത്ത പ്രവർത്തനങ്ങൾ നടത്താനുള്ള അധികാരമാണ് സ്വാതന്ത്ര്യത്തിലുൾക്കൊള്ളുന്നത്.

* സമൂഹത്തിന് ഹാനികരമാകുന്ന പ്രവർത്തനങ്ങളെ വിലക്കാനുള്ള അവകാശം മാത്രമേ നിയമത്തിനുള്ളു.

**21.** B ) വിദ്യാഭ്യാസം സാർവത്രികമാക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടു. ലിസെയ് എന്ന പേരിൽ സർക്കാർ നിയന്ത്രണത്തിലുള്ള വിദ്യാലയങ്ങൾ സ്ഥാപിച്ചു. സർക്കാർ സർവീസിലേക്കും സൈന്യത്തിലേക്കും വിദ്യാസമ്പന്നരെ സൃഷ്ടിക്കുകയായിരുന്നു ഇതിന്റെ ലക്ഷ്യം. യൂണിവേഴ്സിറ്റി ഓഫ് ഫ്രാൻസ് എന്ന പേരിൽ ഒരു ദേശീയ സർവകലാശാലാസമ്പ്രദായം ആരംഭിച്ചു. ഈ സംവിധാനത്തിലൂടെ രാജ്യത്തെ വിദ്യാഭ്യാസരംഗത്തെ നിയന്ത്രിച്ചു.

**22.** ശിലാമണ്ഡല ഫലകങ്ങൾ അവയ്ക്ക് താഴെയുള്ള അസ്തനോസ്ഫിയറിന് മുകളിലൂടെ തെന്നി നീങ്ങികൊണ്ടിരിക്കുമ്പോൾ അവയുടെ അതിരുകളിൽ ഘർഷണം രൂപപ്പെടുന്നു. ഈ ഘർഷണം ഒരു തരത്തിൽ ഫലകങ്ങളുടെ ചലനത്തെ തടസ്സപ്പെടുത്തുകയാണ് ചെയ്യുന്നത്. അപ്പോൾ

ഫലകാതിരുകളിൽ ഉയർന്ന സമ്മർദ്ദം സൃഷ്ടിക്കുകയും വലിയ തോതിൽ ഊർജം സംഭരിക്കപ്പെടുകയും ചെയ്യുന്നു. ഫലകങ്ങളുടെ ചലിക്കുവാനുള്ള സമ്മർദ്ദം ഫലകതിരുകളിലെ ഘർഷണത്തെ അതിജീവിക്കുമ്പോൾ ഫലകാതിരുകളിൽ പൊടുന്നനെയുള്ള ചലനം അഥവാ ഭ്രംശം ഉണ്ടാകുന്നു. തുടർന്ന് ഫലകാതിരുകളിൽ സംഭരിച്ചുവച്ചിരിക്കുന്ന ഊർജം പൊടുന്നനെ സ്വതന്ത്രമാക്കപ്പെടുന്നു. ഇത് തരംഗരൂപേണ ഭൂമിയ്ക്കുള്ളിലൂടെ സഞ്ചരിച്ച് ഭൗമോപരിതലത്തിൽ എത്തുന്നു. ഈ ഭൂകമ്പതരംഗങ്ങളാണ് ഭൗമോപരിതലത്തിൽ ഭൂചലനമായി അനുഭവപ്പെടുന്നത്.

23. വ്യാപാരത്തിലൂടെ സ്വർണ്ണവും വെള്ളിയും നേടുക എന്നതിന് പ്രാധാന്യം നൽകുന്ന സാമ്പത്തികനയം മെർക്കന്റലിസം എന്നറിയപ്പെടുന്നു.
ഈ നയപ്രകാരം ഒരു രാജ്യത്തിന്റെ കൈവശമുള്ള സ്വർണ്ണത്തിന്റെയും വെള്ളിയുടെയും ശേഖരമാണ് ആ രാജ്യത്തിന്റെ സമ്പത്തിനെ നിർണ്ണയിക്കുന്നത്. ഈ നയം പിന്തുടർന്ന രാജ്യങ്ങൾ സ്വർണ്ണത്തിന്റെയും വെള്ളിയുടെയും രൂപത്തിൽ സമ്പത്ത് ശേഖരിക്കാൻ ഉത്സാഹിച്ചു. തങ്ങളുടെ രാജ്യത്തേക്കുള്ള ഇറക്കുമതി കുറയ്ക്കുകയും കയറ്റുമതി വർധിപ്പിക്കുകയും ചെയ്തുകൊണ്ട് തങ്ങളുടെ കൈവശമുള്ള സ്വർണ്ണവും വെള്ളിയും നഷ്ടപ്പെടാതെ സൂക്ഷിക്കാനും മറ്റ് രാജ്യങ്ങളിൽനിന്ന് പരമാവധി സമ്പത്ത് ആർജിക്കാനും കഴിയുമെന്നതാണ് മെർക്കന്റലിസ്റ്റ് നയത്തിന്റെ സവിശേഷത.

24. A )
i. സാധനങ്ങളുടെയും സേവനങ്ങളുടെയും പൊതുവിലനിലവാരം വർധിക്കുന്നത് പണപ്പെരുപ്പം എന്നറിയപ്പെടുന്നു.
ii. a ) 2023 സെപ്റ്റംബറിൽ ഇന്ത്യയിലെ മൊത്തം പണപ്പെരുപ്പ് നിരക്ക് 5.02 ആയിരുന്നപ്പോൾ കേരളത്തിലെ മൊത്തം പണപ്പെരുപ്പ് നിരക്ക് 4.72 മാത്രമായിരുന്നു. ഈ കാലയളവിൽ കേരളത്തിലെ ദേശീയ പണപ്പെരുപ്പം ഇന്ത്യയിലെ ശരാശരിയേക്കാൾ കുറവായിരുന്നു.
ii. b ) മൊത്തം പണപ്പെരുപ്പ് നിരക്കിലുണ്ടായ വ്യത്യാസം - 1.54

24. B ) ഗവൺമെന്റ് അക്കൗണ്ടുകൾ സൂക്ഷിക്കുന്നതിനും ബാങ്കിങ് സേവനങ്ങൾ നൽകുന്നതിനും ധനകാര്യ മാനേജ്മന്റ് നടപ്പിലാക്കുന്നതും റിസർവ് ബാങ്ക് ഓഫ് ഇന്ത്യയാണ്. ഗവൺമെന്റിന്റെ പണനയം, ധനനയം തുടങ്ങിയവയിൽ ഉപദേശം നൽകുന്നതും റിസർവ് ബാങ്കാണ്.
റിസർവ് ബാങ്ക് ഓഫ് ഇന്ത്യ ബാങ്കുകളുടെ ബാങ്കായി പ്രവർത്തിക്കുന്നു. ആപത്ഘട്ടങ്ങളിൽ ബാങ്കുകൾക്ക് അടിയന്തര വായ്പകൾ നൽകുക,


ബാങ്കുകളുടെ കരുതൽ ധനശേഖരം സൂക്ഷിക്കുക, ബാങ്കുകൾ തമ്മിലുള്ള ഇടപാടുകൾ തീർക്കുന്നതിന് സഹായിക്കുക എന്നിവയെല്ലാം ചെയ്യുന്നത് റിസർവ് ബാങ്ക് ഓഫ് ഇന്ത്യയാണ്.

**25.** ബ്രിട്ടീഷ്ഭരണകൂടം നൽകിയ പദവികൾ തിരിച്ചുനൽകുക,സർക്കാർ ഉദ്യോഗങ്ങൾ രാജിവയ്ക്കുക, അഭിഭാഷകർ കോടതികൾ ബഹിഷ്കരിക്കുക, വിദ്യാർഥികൾ ബ്രിട്ടീഷ് വിദ്യാലയങ്ങൾ ബഹിഷ്കരിക്കുക, വിദേശവസ്തുക്കൾ ബഹിഷ്കരിക്കുക, നിയമനിർമ്മാണസഭകൾ ബഹിഷ്കരിക്കുക, സാമുദായികസൗഹാർദം ശക്തിപ്പെടുത്തുക, സ്വദേശിവസ്തുക്കൾ ഉപയോഗിക്കുക, ഖാദി പ്രചരിപ്പിക്കുക,ദേശീയ വിദ്യാലയങ്ങൾ സ്ഥാപിക്കുക എന്നിവയായിരുന്നു നിസ്സഹകരണ സമരത്തിന്റെ രീതികൾ.

**26.** സൂര്യന്റെ ആപേക്ഷികസ്ഥാനം ഉത്തരാർധഗോളത്തിലായിരിക്കുന്ന ഏതാണ്ട് ആറുമാസകാലയളവിൽ ഉത്തരധ്രുവത്തിൽ പകലായിരിക്കും. സൂര്യന്റെ ആപേക്ഷികസ്ഥാനം ദക്ഷിണാർധഗോളത്തിലായിരിക്കുന്ന ആറുമാസകാലയളവിൽ ഉത്തരധ്രുവത്തിൽ പകൽവെളിച്ചം കാണാനാകില്ല. വളരെ കുറഞ്ഞ വാർഷിക ശരാശരി താപനില അനുഭവപ്പെടുന്ന ടൺഡ്രാകാലാവസ്ഥാമേഖലയിൽ ശൈത്യകാലത്തിന്റെ മധ്യത്തിൽ താപനില -30 ഡിഗ്രി സെൽഷ്യസ് വരെ താഴാറുണ്ട്. ഈ കാലയളവിൽ ടൺഡ്രാമേഖലയുടെ ഉൾഭാഗങ്ങളിൽ താപനില ഇതിലും താഴാറുണ്ട്. ഹ്രസ്വമായ വേനൽകാലമാണ് ഇവിടെ അനുഭവപ്പെടാറുള്ളത്.

**27.** ഓരോ കാലത്തെയും കലയും സാഹിത്യവും അതത് കാലത്തെ പൊതുജനാഭിപ്രായം രൂപീകരിക്കപ്പെടുന്നതിനെ വളരെയധികം സ്വാധീനിക്കാറുണ്ട്. പാട്ടബാക്കി, അടുക്കളയിൽ നിന്ന് അരങ്ങത്തേക്ക് തുടങ്ങിയ രചനകൾ ഒരുകാലത്ത് കേരളത്തിന്റെ സാമൂഹികജീവിതംതന്നെ മാറ്റിമറിക്കുന്നതിൽ നിർണ്ണായകമായ പങ്കുവഹിച്ചവയാണ്. ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിന് പ്രചോദനം നൽകിയ രബീന്ദ്രനാഥ ടാഗോറിന്റെയും സുബ്രഹ്മണ്യഭാരതിയുടെയും വള്ളത്തോൾ നാരായണമേനോന്റെയും സാഹിത്യരചനകൾ പൊതുജനാഭിപ്രായ രൂപീകരണപ്രക്രിയയിൽ പ്രധാന പങ്ക് വഹിച്ചിട്ടുള്ളവയാണ്. നിലനിന്നിരുന്ന സാമൂഹിക അനാചാരങ്ങൾക്കെതിരെ ശക്തമായ പൊതുജനാഭിപ്രായം വളർത്തിയെടുക്കാനും അതുവഴി സാമൂഹികവിപ്ലവത്തിന് തിരികൊളുത്താനും ഓട്ടൻതുള്ളൽ, ചാക്യാർക്കൂത്ത് തുടങ്ങിയ കലാരൂപങ്ങൾക്ക് സാധിച്ചിട്ടുണ്ട്.

**28.**




**29. 1947- ലെ ഇന്ത്യൻ സ്വാതന്ത്ര്യനിയമപ്രകാരം ഇന്ത്യയിലെ 565 നാട്ടുരാജ്യങ്ങൾക്ക് സ്വതന്ത്ര ഇന്ത്യയിലോ പാകിസ്ഥാനിലോ ചേരുവാനോ, സ്വതന്ത്രരാജ്യങ്ങളായി നിലനിൽക്കാനോ അധികാരമുണ്ടായിരുന്നു. നാട്ടുരാജ്യങ്ങളെ ഇന്ത്യൻ യൂണിയനിൽ ലയിപ്പിക്കുക എന്നത് രാജ്യത്തെ സംബന്ധിച്ചിടത്തോളം ശ്രമകരമായ ഒരു ദൗത്യമായിരുന്നു. ഈ ദൗത്യം വിജയകരമായി പൂർത്തിയാക്കിയത് ആഭ്യന്തരമന്ത്രിയായിരുന്ന സർദാർ വല്ലഭ്ഭായ് പട്ടേലും സ്റ്റേറ്റ് ഡിപ്പാർട്ട്മെന്റിന്റെ സെക്രട്ടറിയായിരുന്ന വി.പി മേനോനും നയിച്ച സംഘമായിരുന്നു. ലയനക്കരാറിൽ ഒപ്പുവച്ച് ഇന്ത്യൻ യൂണിയനിൽ ചേരാൻ അവർ എല്ലാ നാട്ടുരാജ്യങ്ങളെയും ക്ഷണിച്ചു. എന്നാൽ ജുനഗഡ്, കാശ്മീർ, തിരുവിതാംകൂർ, ഹൈദരാബാദ് എന്നീ നാട്ടുരാജ്യങ്ങളിലെ ഭരണാധികാരികൾ ഇന്ത്യൻ യൂണിയനിൽ ചേരാൻ വിസമ്മതിച്ചു. ഈ നാട്ടുരാജ്യങ്ങളെ അനുരഞ്ജന ചർച്ചകളിലൂടെയും സൈനിക നടപടികളിലൂടെയുമാണ് ഇന്ത്യൻ യൂണിയനിൽ ലയിപ്പിച്ചത്. ഇന്ത്യൻ യൂണിയനിൽ ചേർക്കപ്പെട്ട നാട്ടുരാജ്യങ്ങളിലെ ഭരണാധികാരികൾക്ക് പ്രിവി പേഴ്സ് അനുവദിച്ചുനൽകി.**

**30.** A ) **വിപ്ലവപ്രവർത്തനങ്ങൾ - സ്വാതന്ത്ര്യം എന്ന ലക്ഷ്യത്തിലേക്കെത്താൻ കോൺഗ്രസിന്റെയും മഹാത്മാഗാന്ധിയുടെയും നേതൃത്വത്തിൽ നടന്ന സമരരീതികൾക്കൊപ്പം വ്യത്യസ്തമായ മറ്റുമാർഗങ്ങളും പലരും സ്വീകരിച്ചു.**

ഗാന്ധിജിയുടെ അഹിംസാമാർഗത്തിന് പകരം ചിലർ വിപ്ലവത്തിന്റെ വഴി സ്വീകരിച്ചു. യുവാക്കളായിരുന്നു ഇവരിൽ ഭൂരിഭാഗവും. റഷ്യൻ വിപ്ലവത്തിന്റെ വിജയവും നിസ്സഹകരണസമരം പാതിവഴിയിൽ അവസാനിപ്പിച്ചതുമാണ് വിപ്ലവത്തിന്റെ പാതയിലേക്ക് ഇവരെ നയിച്ചത്. ഇതിനെ തുടർന്ന് 1924- ൽ ഹിന്ദുസ്ഥാൻ റിപ്പബ്ലിക്കൻ അസോസിയേഷൻ എന്ന വിപ്ലവസംഘടന രൂപംകൊണ്ടു. വിപ്ലവപ്രവർത്തനങ്ങൾക്ക് പണം കണ്ടെത്താൻവേണ്ടി ഉത്തർപ്രദേശിലെ കാക്കോരിയിൽവച്ച് റെയിൽവെയുടെ പണം കൈക്കലാക്കാൻ വിപ്ലവകാരികൾ ശ്രമിക്കുകയും ഏതാനും പേർ പിടിയിലാവുകയും ചെയ്തു. കാക്കോരി സംഭവത്തെ തുടർന്ന് തിരിച്ചടി നേരിട്ട വിപ്ലവപ്രവർത്തനങ്ങൾ വീണ്ടും ശക്തമായത് ഭഗത് സിംഗിന്റെ നേതൃത്വത്തിലായിരുന്നു. 1928- ൽ ഭഗത് സിംഗും കൂട്ടരും ഹിന്ദുസ്ഥാൻ സോഷ്യലിസ്റ്റ് റിപ്പബ്ലിക്കൻ അസോസിയേഷൻ രൂപീകരിച്ചു.

കർഷകമുന്നേറ്റങ്ങൾ - സ്വാതന്ത്ര്യസമരത്തെ ശക്തിപ്പെടുത്താൻ കർഷകരുടെ പങ്കാളിത്തം അനിവാര്യമാണെന്ന് ഗാന്ധിജി ഉൾപ്പെടെയുള്ള നേതാക്കൾ തിരിച്ചറിഞ്ഞിരുന്നു. അമിതമായ നികുതി, ജന്മിമാരുടെ ചൂഷണം, കുടിയൊഴിപ്പിക്കൽ തുടങ്ങിയ പ്രശ്നങ്ങൾ അക്കാലത്ത് കർഷകർ നേരിട്ടിരുന്നു. 1920 കളിൽ കിസാൻസഭകൾ രൂപീകരിച്ച് കർഷകർ സംഘടിച്ചുതുടങ്ങി. അക്കാലത്ത് ഉത്തർപ്രദേശിലെ അവധ് മേഖലയിൽ നടന്ന കർഷകമുന്നേറ്റം ഐക്യപ്രസ്ഥാനം എന്നറിയപ്പെടുന്നു. 1936 ൽ അഖിലേന്ത്യ കിസാൻസഭ രൂപീകരിച്ചത് കർഷക പ്രസ്ഥാനങ്ങളുടെ ചരിത്രത്തിലെ നാഴികക്കല്ലായിരുന്നു. 1940- കളിൽ നടന്ന കർഷകസമരങ്ങൾ സ്വാതന്ത്ര്യമെന്ന ലക്ഷ്യത്തിലേക്കെത്തുന്നതിന് സഹായിച്ച പ്രധാനഘടകമായിരുന്നു. പിൽക്കാല കർഷക സമരങ്ങളിൽ പ്രധാനപ്പെട്ടവയാണ് ബംഗാളിലെ തേഭാഗ സമരം, ആന്ധ്രയിലെ തെ ങ്കാന സമരം തുടങ്ങിയവ.

30. B ) പൗരരുടെ സ്വകാര്യതയെ മാനിക്കാതെ ഭരണകൂടത്തിന്റെ അധികാരം ജീവിതത്തിന്റെ എല്ലാ മേഖലകളിലും നിയന്ത്രണം സ്ഥാപിക്കുന്നതാണ് സമഗ്രാധിപത്യം. ഈ ആശയസംഹിത രാഷ്ട്രത്തെ അമിതമായി വാഴ്ത്തുകയും പൗരർ അവകാശങ്ങളില്ലാതെ രാഷ്ട്രത്തിനുവേണ്ടി ജീവിക്കണമെന്ന നിലപാട് എടുക്കുകയും ചെയ്യുന്നു. ജനാധിപത്യത്തിന്റെ നിരാസം, സോഷ്യലിസത്തോടുള്ള വിയോജിപ്പ്, സ്വേച്ഛാധിപത്യഭരണത്തെ പിന്തുണയ്ക്കൽ, തീവ്രദേശീയത, രാഷ്ട്രീയ എതിരാളികളെ ഉന്മൂലനം ചെയ്യൽ, യുദ്ധത്തെയും അക്രമത്തെയും മഹത്വവൽക്കരിക്കൽ തുടങ്ങിയവ സമഗ്രാധിപത്യത്തിന്റെ സവിശേഷതകളാണ്.

ഈ കാലയളവിൽ ഇറ്റലിയിൽ ഫാഷിസം എന്ന പേരിലും, ജർമ്മനിയിൽ നാസിസം എന്ന പേരിലും പ്രസ്ഥാനങ്ങൾ നിലവിൽവന്നു.
രണ്ട് സ്ഥലങ്ങളിലും അധികാരം പിടിച്ചെടുക്കുന്നതിനായുള്ള ശ്രമങ്ങൾ നടന്നിരുന്നു. അവസാനം അധികാരത്തിൽ എത്തിച്ചേർന്നു.
ഇറ്റലിയിലും ജർമ്മനിയിലും സായുധസംഘങ്ങൾ രൂപീകരിക്കപ്പെട്ടു.
തങ്ങളെ എതിർക്കുന്ന വിഭാഗങ്ങളെയും പാർട്ടികളെയും നിരോധിച്ചു.

31. A ) ഉഷ്ണമേഖലാമഴക്കാടുകൾ എന്നറിയപ്പെടുന്ന നിബിഡവനങ്ങളാണ് ഭൂമധ്യരേഖാകാലാവസ്ഥാമേഖലയുടെ പ്രത്യേകത. തെക്കേ അമേരിക്കയിലെ ആമസോൺ തടം, മധ്യപശ്ചിമ ആഫ്രിക്ക, ഇന്തോനേഷ്യ, മലായ് ഉപദ്വീപ്, ന്യൂഗിനിയ എന്നിവിടങ്ങളിലായി ഈ മഴക്കാടുകൾ വ്യാപിച്ചുകിടക്കുന്നു. എബണി, മഹാഗണി, സിൻഘോണ, റോസ് വുഡ് എന്നിങ്ങനെയുള്ള വന്മരങ്ങൾ ഉൾപ്പെടെ ധാരാളം വ്യത്യസ്തങ്ങളായ നിത്യഹരിതവൃക്ഷങ്ങൾ വനങ്ങളിൽ കാണപ്പെടുന്നു. വന്മരങ്ങളെ കൂടാതെ ചെറുപനകൾ, ലിയാനാസ് പോലുള്ള വള്ളിച്ചെടികൾ, മരവാഴകൾ പോലുള്ള എപ്പിഫൈറ്റ് വിഭാഗത്തിൽ ഉൾപ്പെടുന്ന സസ്യങ്ങൾ, ധാരാളം പരാദസസ്യങ്ങൾ, പന്നൽച്ചെടികൾ, ലാലങ് പോലുള്ള പുൽവർഗസസ്യങ്ങൾ എന്നിവ ഇവിടെ ഇടതൂർന്ന് വളരുന്നു. ഒരു നിശ്ചിത പ്രദേശത്ത് അനേകം സസ്യവർഗങ്ങൾ ഒരുമിച്ച് കാണപ്പെടുന്നുവെന്നതാണ് ഈ മഴക്കാടുകളുടെ മറ്റൊരു പ്രത്യേകത. വലിയ അളവിൽ കാർബൺ ഡൈഓക്സൈഡ് ആഗിരണം ചെയ്യുകയും ഓക്സിജൻ ഉൽപാദിപ്പിക്കുകയും ചെയ്യുന്നതിനാൽ ഈ നിത്യഹരിത മഴക്കാടുകൾ ലോകത്തിന്റെ ശ്വാസകോശം എന്ന് വിശേഷിപ്പിക്കപ്പെടുന്നു. സൂര്യപ്രകാശലഭ്യതയ്ക്കനുസരിച്ച് സസ്യങ്ങളിൽ ഉയരവ്യത്യാസം കാണപ്പെടുന്നു. വൈവിധ്യങ്ങളാൽ സമ്പന്നമായ ഭൂമധ്യരേഖാകാലാവസ്ഥാമേഖലയിലെ നൈസർഗിക സസ്യജാലങ്ങൾ ആഗോള പാരിസ്ഥിതിക സന്തുലനം നിലനിർത്തുന്നതിൽ നിർണ്ണായക പങ്ക് വഹിക്കുന്നു.

31. B ) ചില ബാഹ്യജന്യ പ്രക്രിയയുടെ ഫലമായി ശിലകൾ ഭൗതികമായി പൊട്ടിപൊടിയുകയോ രാസപരമായി വിഘടിക്കുകയോ ചെയ്യുന്നു. ഇത്തരത്തിൽ ശിലകൾക്ക് രാസപരമായും ഭൗതികമായും മാറ്റങ്ങൾ ഉണ്ടാക്കുന്ന പ്രക്രിയകളെ അപക്ഷയം എന്ന് വിളിക്കുന്നു.

ഭൗതിക അപക്ഷയം, രാസിക അപക്ഷയം, ജൈവിക അപക്ഷയം എന്നിവയാണ് പ്രധാന അപക്ഷയപ്രക്രിയകൾ.

* ഭൗതിക അപക്ഷയം - താപവ്യതിയാനം മൂലം ശിലാധാതുക്കൾ സങ്കോചിക്കുകയും വികസിക്കുകയും ചെയ്യുന്നു. കാലക്രമേണ ഇത് ശിലകൾ പൊടിയുന്നതിന് കാരണമാകുന്നു.കൂടാതെ ശിലകളിലെ വിള്ളലുകൾക്കുള്ളിൽ ജലം തണുത്തുറയുന്നതുകൊണ്ട് വിള്ളലുകൾ വികസിക്കുകയും ക്രമേണ ഇത് ശിലകൾ പിളരുന്നതിന് കാരണമാകുകയും ചെയ്യുന്നു.
* രാസിക അപക്ഷയം - ഓക്സിജൻ, കാർബൺ ഡയോക്സൈഡ്, ജലം തുടങ്ങിയവ ശിലകളിലെ ധാതുക്കളുമായി രാസപ്രവർത്തനത്തിൽ ഏർപ്പെടുകയും ശിലകൾ രാസപരമായി വിഘടിക്കുന്നതിന് കാരണമാകുകയും ചെയ്യുന്നു.
* ജൈവിക അപക്ഷയം - സസ്യങ്ങളുടെ വേരുകൾ ശിലകളിലെ വിടവുകളിലേക്ക് ആഴ്ന്നിറങ്ങുന്നതും ചെറുജീവികൾ മാളങ്ങൾ ഉണ്ടാക്കുന്നതും സസ്യ ജന്തു അവശിഷ്ടങ്ങളുടെ ജീർണനവുമൊക്കെ ശിലകളുടെ ശിഥിലീകരണത്തിന് കാരണമാകുന്നു.

---



Prepared by:
PRAMOD KUMAR.T
HST Social Science
Republican VHSS, Konni
Pathanamthitta
Mobile : 9447090288
9400790288